പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4808

18.12.2014ൽ മറുപടിയ്ക്ക്

## കയർ മേഖലയിലെ തൊഴിലാളികളുടെ കൂലി

| ചോദ്യം<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ. ഷാഫി പറമ്പിൽ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കയർ മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ; വിശദമാക്കുമോ ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കയർപിരി മേഖലയിലെ കുറഞ്ഞകൂലി 150/- രൂപയിൽ നിന്നും 210/- രൂപയായും തുടർന്ന് 260/- രൂപയായും ഇപ്പോൾ 300/- രൂപയായും ഉൽപ്പന്നമേഖലയിലെ കുറഞ്ഞ കൂലി 200/- രൂപയിൽ നിന്ന് 285/- രൂപയായും പിന്നീട് 360/- രൂപയായും വർദ്ധിപ്പിച്ചു. |
| (ബി) കയർപിരി മേഖലയിൽ കൂലി വർദ്ധനവിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്; വിശദാംശങ്ങൾ അറിയിക്കുമോ ; | (ബി) വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരിമേഖലയിലെ കുറഞ്ഞകൂലി 02/02/12 മുതൽ 210/- രൂപയായും 01/05/2013 മുതൽ 260/- രൂപയായും 01/03/2014 മുതൽ 300/- രൂപയായും വർദ്ധിപ്പിച്ചു. |
| (സി) ഉൽപാദന മേഖലയിൽ കുറഞ്ഞ കൂലി എത്രയായിട്ടാണ് വർദ്ധിപ്പിച്ചത്; വിശദമാക്കുമോ ; | (സി) ഉൽപ്പാദന മേഖലയിലെ കുറഞ്ഞ കൂലി 200/- രൂപയിൽ നിന്നും 285/- രൂപയായും 01/03/2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടു ണ്ട് |
| (ഡി) തൊഴിലാളികളുടെ കൂലി ബാങ്ക് അക്കൗണ്ട് വഴി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി)വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി, ഡീഫൈബറിംഗ് മേഖലകളിലെ തൊഴിലാളികളുടെ കൂലിയിൽ ഒരു വിഹിതം സർക്കാർ നൽകുന്നു. അർഹരായ തൊഴിലാളികൾക്ക് സർക്കാർ വിഹിതം കൂലിയായി നൽകുന്നതിനു വേണ്ടിയുള്ള ഫണ്ട് കയർ വികസന ഡയറക്ടറേറ്റിൽ നിന്നും ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർമാർക്ക് ആവശ്യാനുസരണം അലോട്ട് ചെയ്തിട്ടു ണ്ട്. ബന്ധപ്പെട്ടവരിൽ നിന്നും ക്ലെയിം |

| | |
|---|---|
| • | ലഭിക്കുമ്പോൾ പരിശോധിച്ച് അർഹമായ സർക്കാർ വിഹിതം ബന്ധപ്പെട്ട തൊഴിലാളികളുടെ ഈ ആവശ്യത്തിനുവേണ്ടി എടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പ്രോജക്ട് ഓഫീസർ (കയർ) നിക്ഷേപിക്കുന്നു. ഈ പദ്ധതി പ്രകാരം ബാങ്ക് അക്കൗണ്ട് തുടങ്ങാനുള്ള തീയതി 31/03/2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ